(ബി) ഈ ആവശ്യത്തിനായി ആഭ്യന്തര വകുപ്പിൽനിന്ന് ജലവിഭവ വകുപ്പിലേക്ക് കത്തയച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നല്കാമോ;

(സി) ഇക്കാര്യത്തിൽ ജലവിഭവ വകുപ്പിന്റെ മറുപടി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഓഫീസ് മാറ്റം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമെന്താണ്; തടസ്സമില്ലെങ്കിൽ എപ്പോൾ മാറ്റം നടക്കുമെന്ന് അറിയിക്കുമോ;

ഉത്തരം

(എ) നിവേദനത്തിന്റെ അടിസ്ഥനത്തിൽ തളിപ്പറമ്പ് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് പഴശ്ശി പ്രോജക്ടിന്റെ 3½ ഏക്കർ സ്ഥലവും അതിൽ സ്ഥിതിചെയ്യുന്ന പഴയ കെട്ടിടങ്ങളും വിട്ടുകിട്ടുന്നതിന് ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) പ്രസ്തുത സ്ഥലവും കെട്ടിടവും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പിന് രേഖാമൂലം കൈമാറ്റം ചെയ്ത് കിട്ടിയശേഷം അത്യാവശ്യം വേണ്ടുന്ന മെയിന്റനൻസ് ജോലികൂടി പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവിടേയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ മാറ്റി സ്ഥാപിക്കാവുന്നതാണ്.

ഫയർ&റെസ്ക്യൂ സർവ്വീസസിന്റെ വിപുലീകരണം

94(386) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ&റെസ്ക്യൂ സർവ്വീസസിന്റെ വിപുലീകരണത്തിന്റെ ഭാഗമായി പുതുതായി എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു എന്നും ആയത് എവിടെയൊക്കെയാണ് എന്നും അറിയിക്കുമോ;

(ബി) ഇതിൽ എത്ര ഫയർ സ്റ്റേഷനുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്;

(സി) ഫയർ സ്റ്റേഷനുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 8 (എട്ട്). ടെക്നോപാർക്ക് (തിരുവനന്തപുരം), ഏലൂർ (എറണാകുളം), കുറ്റിക്കോൽ (കാസർഗോഡ്), മാള (തൃശ്ശൂർ), കൊടുവള്ളി (കോഴിക്കോട്), ഇരിട്ടി (കണ്ണൂർ), കൊട്ടാരക്കര (കൊല്ലം), പുതുക്കാട് (തൃശ്ശൂർ),

LIBRARY ARCHIVES Kerala Legislative Assembly

(ബി) 3 (മൂന്ന്).

(സി) പിറവം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി 12 ലക്ഷം രൂപ ചെലവ് ചെയ്ത് പുതിയ കെട്ടിടം നിർമ്മിച്ച് 2-8-2006-ൽ പ്രവർത്തനം ആരംഭിച്ചു. സുൽത്താൻബത്തേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി 50 ലക്ഷം രൂപ ചെലവ് ചെയ്ത് പുതിയ കെട്ടിടം നിർമ്മിച്ച് 6-11-2006 മുതൽ പ്രവർത്തനം ആരംഭിച്ചു. കൊല്ലം ചാമക്കട ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി 43 ലക്ഷം രൂപ ചെലവ് ചെയ്ത് പുതിയ കെട്ടിടം നിർമ്മിച്ച് 18-1-2008 മുതൽ പ്രവർത്തനം ആരംഭിച്ചു. തൃശ്ശൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി 59 ലക്ഷം രൂപ ചെലവ് ചെയ്ത് പുതിയ കെട്ടിടം നിർമ്മിച്ച് 21-4-2008 മുതൽ പ്രവർത്തനം ആംഭിച്ചു. വടക്കാഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി പുതിയ മന്ദിര നിർമ്മാണത്തിന്റെ തറക്കല്ലിടൽ കർമ്മം 1-6-2010-ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നിർവ്വഹിച്ചു. അഗ്നിശമന വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിലേക്കായി, വാട്ടർ ടെണ്ടർ, മിനി വാട്ടർ ടെണ്ടർ, അണ്ടർ വാട്ടർ ബി.എ. സെറ്റ്, ബിഎ. സെറ്റ്, ഡൈവിംഗ് സ്യൂട്ട്, ഫയർ എൻട്രി സ്യൂട്ട്, വെൽ ലിഫ്റ്റ്, മോഡേൺ ബ്രാഞ്ച് പൈപ്പ്, റോപ് ലാഡർ, ചെയിൻ സാ, ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, ഇൻഫ്ലാറ്റബിൾ എമർജൻസി ടവർ ലൈറ്റിംഗ് സിസ്റ്റം, പോർട്ടബിൾ പമ്പ്, ഫോം കോമ്പൗണ്ട്, ജീപ്പ്, ആംബുലൻസ്, ബാറ്ററി, ടയറുകൾ, റെയിൻകോട്ട്, ഹെൽമറ്റ്, ഡെലിവറി ഹോസ് എന്നിവ 3,02,96,197 രൂപയ്ക്ക് വാങ്ങുകയുണ്ടായി. ഓഫീസ് ഉപയോഗത്തിലേക്കായി ഫർണിച്ചർ, കമ്പ്യൂട്ടർ, ഡിജിറ്റൽ ഫോട്ടോ കോപ്പിയർ, ഡ്യൂപ്ലിക്കേറ്റർ, ഫാക്സ് മെഷീൻ തുടങ്ങിയവ 46,20,107 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്

സീതത്തോട് ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആംഭിക്കാൻ നടപടി

95(387) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സീതത്തോട് ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) റാന്നി ഫയർ സ്റ്റേഷനിൽ എത്ര ഫയർ ടെണ്ടർ, ആംബുലൻസ്, ജീപ്പ് എന്നിവയാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയിൽ എത്ര ഫയർ ടെണ്ടറുകളാണ് കേടായതുമൂലം ഉപയോഗിക്കാൻ കഴിയാത്തത്; ഇവയ്ക്ക് പകരം പുതിയ ഫയർ ടെണ്ടറുകൾ അനുവദിക്കാൻ വൈകുന്നത് എന്തുകൊണ്ട്; ശബരിമല തീർത്ഥാടന പാതയിലെ ഫയർ സ്റ്റേഷനായിട്ടും ഇവിടെ റിക്കവറി വാൻ ഇല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly